**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4981** **20-03-2025 - ൽ മറുപടിയ്ക്ക്**

**അധ്യാപക നിയമനം അംഗീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ തത്തംപള്ളി സെന്റ് മൈക്കിൾസ് എച്ച്.എസ്., ആലപ്പുഴ സെന്റ് ആന്റണീസ് എച്ച്.എസ്. എന്നീ സ്കൂളുകളിലെ ഏതൊക്കെ അധ്യാപകർക്ക് നിലവിൽ വിദ്യാഭ്യാസവകുപ്പിൽ നിന്നും നിയമനത്തിന് അംഗീകാരം ലഭിക്കാതെയുണ്ടെന്ന് അറിയിക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ തത്തംപള്ളി സെന്റ് മൈക്കിൾസ് എച്ച്.എസ് ലെ സിസ്റ്റർ എലിസബത്ത്, ശ്രീ.നിധിൻ ജോസ് ആന്റണി, ശ്രീമതി ഷെറിൻ മരിയ ചാക്കോ, ശ്രീമതി.റിനി റെജി, ശ്രീമതി.അന്നമ്മ ചാക്കോ, ശ്രീമതി ലിൻ തോമസ്, ശ്രീമതി.റിൻസിമോൾ വർഗ്ഗീസ്, ശ്രീ.ബ്രിജിത്ത് തോമസ്, ശ്രീ.ജോർജ്ജ് കുട്ടി, ശ്രീമതി സിമി പോൾ എന്നീ യു.പി.എസ്.ടി മാരുടെയും; ആലപ്പുഴ സെന്റ് ആന്റണീസ് ജി.എച്ച്.എസ്. ലെ ശ്രീമതി ജിത്തുമോൾ തോമസ്, ശ്രീമതി റ്റീന സെബാസ്റ്റ്യൻ, ശ്രീമതി ജോൺസി.വി.ജെയിംസ്, സിസ്റ്റർ ഷാർലി ജോൺ, ശ്രീമതി പ്രിയങ്കാമോൾ അഗസ്റ്റിൻ, ശ്രീമതി.സുസ്മി തോമസ്, ശ്രീമതി.അമല മാത്യു എന്നീ യു.പി.എസ്.ടി മാരുടെയും നിയമനങ്ങൾ നിലവിൽ അംഗീകരിക്കപ്പെടാനുണ്ട്. |
| (ബി) | പ്രസ്തുത അധ്യാപകരുടെ നിയമനാംഗീകാരത്തിന് എന്താണ് തടസമെന്ന് വിശദമാക്കാമോ; | (ബി) | 2019 മുതലുള്ള സീനിയർ യു.പി.എസ്.ടി മാരുടെ നിയമനങ്ങൾ അംഗീകരിക്കപ്പെട്ടില്ല എന്നുള്ളതാണ് നിയമനാംഗീകാരത്തിനുള്ള പ്രധാന തടസ്സം. നിലവിൽ ആലപ്പുഴ സെന്റ് ആന്റണീസ് ജി.എച്ച്.എസ് ലെ ശ്രീമതി ജിത്തുമോൾ തോമസിന്റെ നിയമനാംഗീകാര അപേക്ഷയിന്മേലുള്ള നടപടികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അന്തിമഘട്ടത്തിലാണുള്ളത്. ആയതിൽ അംഗീകാരമാകുന്ന മുറയ്ക്ക് സീനിയോരിറ്റി പ്രകാരം തുടർന്നുവരുന്ന മറ്റ് അധ്യാപകരുടെ നിയമനാംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | 2017-മുതൽ നിയമനം ലഭിച്ച അധ്യാപകർ പ്രസ്തുത പട്ടികയിലുണ്ടെന്നത് കണക്കിലെടുത്ത് പ്രത്യേക പരിഗണന നല്കി പ്രസ്തുത അധ്യാപകർക്ക് നിയമനാംഗീകാരം നല്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ? | (സി) | 2019 മുതലുള്ള സീനിയർ യു.പി.എസ്.ടി മാരുടെ നിയമനങ്ങൾ അംഗീകരിക്കപ്പെട്ടില്ല എന്നുള്ളതാണ് നിയമനാംഗീകാരത്തിനുള്ള പ്രധാന തടസ്സം. നിലവിൽ ആലപ്പുഴ സെന്റ് ആന്റണീസ് ജി.എച്ച്.എസ് ലെ ശ്രീമതി ജിത്തുമോൾ തോമസിന്റെ |

| | | | |
|---|---|---|---|
| | | | നിയമനാംഗീകാര അപേക്ഷയിന്മേലുള്ള നടപടികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അന്തിമഘട്ടത്തിലാണുള്ളത്. ആയതിൽ അംഗീകാരമാകുന്ന മുറയ്ക്ക് സീനിയോരിറ്റി പ്രകാരം തുടർന്നുവരുന്ന മറ്റ് അധ്യാപകരുടെ നിയമനാംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ